വനിതാ വ്യവസായ പദ്ധതിപ്രകാരം മലപ്പുറം ജില്ലയിൽ 12 സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

വനിതാ വ്യവസായ സ്കീം പ്രകാരം 30 സംരംഭങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയിൽ 155 സംരംഭങ്ങൾക്ക് ധനസഹായം നൽകി അവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽകീഴിൽ 55 സംരംഭങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനം നടത്തിയിട്ടുണ്ട്.

20 സംരംഭകത്വ വികസന ക്ലബ്ബുകൾക്ക് ധനസഹായം നൽകി അവ നല്ല രീതിയിൽ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

ക്ലസ്റ്റർ വികസന പദ്ധതി പ്രകാരം 4 ക്ലസ്റ്ററുകൾക്ക് അംഗീകാരം നൽകി പ്രാരംഭപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ വ്യവസായ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ചിലവഴിച്ച തുകയുടെ വിവരം (ലക്ഷ്യത്തിൽ) ചുവടെ ചേർക്കുന്നു.

2006-07	2007-08	2008-09	2009-10	2010-11	ആകെ (തുക ലക്ഷത്തിൽ)
117.96	33.10	61.56	88.79	98.97	400.38

വ്യവസായ വികസനത്തിന് നീക്കിവച്ച തുക

154 **(2184)** ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വ്യവസായ വികസനത്തിന് നീക്കിവച്ച തുകയുടെ വിശദവിവരം ജില്ല തിരിച്ചു നൽകുമോ ;

(ബി) ഈ കാലയളവിൽ മലപ്പുറം ജില്ലയിൽ പുതുതായി ഏതൊക്കെ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ; അവയിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് ;

(സി) ഇതിൽ മഞ്ചേരി മണ്ഡലത്തിൽ എത്ര സംരംഭങ്ങൾ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വാണിജ്യ വകുപ്പ് മുഖേന വ്യവസായ വികസനത്തിന് നീക്കിവെച്ച തുകയുടെ വിശദവിവരം അനുബന്ധം-I ആയും, കെ.എസ്.ഐ.ഡി.സി. മുഖേന നീക്കിവെച്ച തുകയുടെ വിവരം അനുബന്ധം-II ആയും, പി.എസ്.യു.-വിന് നീക്കിവവെച്ച തുകയുടെ വിവരം അനുബന്ധം-III ആയും ചേർത്തിരിക്കുന്നു.*

(ബി) വ്യവസായ വാണിജ്യ വകുപ്പ് മുഖേന മലപ്പുറം ജില്ലയിൽ പുതിയതായി തുടങ്ങിയ 1221 വ്യവസായ സ്ഥാപനങ്ങൾക്ക് ഇ.എം. പാർട്ട്-2 ഫയൽ ചെയ്തിട്ടുണ്ട്. അവയിലൂടെ ഏകദേശം 6322 പേർക്ക് തൊഴിലവസരങ്ങൾ ലഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. മുഖേന തുടങ്ങിയ യെൻകേ കോംപ്ലെക്സ് പ്രൈ. ലിമിറ്റഡ് (കടവ് റിസോർട്ട്) എന്ന പദ്ധതി മുഖേന 65 പേർക്ക് തൊഴിലവസരം ഉണ്ടായിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ സ്ഥാപിച്ചിട്ടുള്ള ഭക്ഷ്യ സംസ്കരണ പാർക്കിലും നിയോ സ്പേസിലും വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇതുവഴി 811 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) വ്യവസായ വാണിജ്യ വകുപ്പ് മുഖേന 46 വ്യവസായ സ്ഥാപനങ്ങളും കെ.എസ്.ഐ.ഡി.സി. മുഖേന യെൻകേ കോംപ്ലെക്സ് പ്രൈ. ലിമിറ്റഡ് എന്ന ഒരു പദ്ധതിയുമാണ് മഞ്ചേരി മണ്ഡലത്തിൽ തുടങ്ങിയത്.

കെ.എസ്.ഐ.ഇ.യിലെ നിയമനങ്ങൾ

155 (2185) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഇ. എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ് ;

(ബി) ഈ സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാരെത്ര ; താൽക്കാലിക ജീവനക്കാരെത്ര എന്ന് വ്യക്തമാക്കുമോ ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരെ പിരിച്ചുവിട്ടു ; എത്ര പേരെ പുതുതായി നിയമിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) പി.എസ്.സി. യുടെ അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly